പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2312 **27-10-2026-ൽ മറുപടിയ്ക്ക്**

ബിസിനസ്സ് റിഫോംസ് ആക്ഷൻ പ്ലാൻ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. എ. സി. മൊയ്തീൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. പി. കെ. കൃഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

(എ) ബിസിനസ്സ് റിഫോംസ് ആക്ഷൻ പ്ലാനിന്റെ ഭാഗമായി എന്തൊക്കെ മാറ്റങ്ങൾ കൊണ്ടുവരാനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ;

മറുപടി: സംസ്ഥാനങ്ങളിൽ ബിസിനസ് സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും വ്യവസായങ്ങൾ ആരംഭിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ ലളിതമാക്കുന്നതിനും അനുമതി നടപടികളുടെയും സേവന വിതരണ സംവിധാനങ്ങളുടെയും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി കേന്ദ്ര സർക്കാരിന്റെ ഡിപ്പാർട്ട്മെന്റ് ഫോർ പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് ഇന്റേണൽ ട്രേഡ് (DPIIT) പുറത്തിറക്കിയ മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിലാണ് ബിസിനസ്സ് റിഫോംസ് ആക്ഷൻ പ്ലാൻ നടപ്പിലാക്കുന്നത്.

ഇതിന്റെ ഭാഗമായി പ്രധാനമായും താഴെ പറയുന്ന മാറ്റങ്ങളാണ് ലക്ഷ്യമിടുന്നത്:

- 80-ലധികം പുതിയ സേവനങ്ങളും ഉപസേവനങ്ങളും അപേക്ഷ സമർപ്പിക്കൽ മുതൽ അനുമതി ലഭ്യമാക്കൽ വരെയുള്ള എല്ലാ ഘട്ടങ്ങളിലും പൂർണ്ണമായും ഓൺലൈനാക്കുകയും, നേരിട്ടുള്ള ഓഫീസ് സന്ദർശനങ്ങൾ ഒഴിവാക്കുകയും ചെയ്യുക.
- PAN അടിസ്ഥാനമാക്കിയുള്ള ഏകീകൃത സൈൻ-ഓൺ (Single Sign-On), ഏകീകൃത KYC സംവിധാനം, ഡൈനാമിക് പൊതുഅപേക്ഷാ ഫോം (Dynamic Common Application Form), ഏകീകൃത ഓൺലൈൻ പേയ്മെന്റ് സംവിധാനം എന്നിവ നടപ്പിലാക്കി ആവർത്തിച്ചുള്ള വിവര-രേഖാ സമർപ്പണം ഒഴിവാക്കുക.
- അപേക്ഷകളുടെ നിലവിലെ സ്ഥിതി, തീർപ്പാക്കലിന് എടുക്കുന്ന സമയം, വകുപ്പുതല പുരോഗതി, പരിശോധനാ വിവരങ്ങൾ എന്നിവ തത്സമയം ലഭ്യമാക്കുന്ന ഡാഷ്ബോർഡുകൾ നടപ്പിലാക്കുക.
- അനുമതികളും ആനുകൂല്യങ്ങളും എളുപ്പത്തിൽ അറിയുന്നതിനായി 'Know Your Approval', 'Know Your Incentive' സംവിധാനങ്ങൾ വികസിപ്പിക്കുകയും നിയമങ്ങളിലെ ക്രിമിനൽ വ്യവസ്ഥകൾ ഡിജിറ്റലായി നിരീക്ഷിക്കുകയും ചെയ്യുക.
- അപകടസാധ്യത അടിസ്ഥാനമാക്കിയുള്ള പരിശോധനകൾ, ഏകീകൃത പരിശോധനാ ചെക്ക് ലിസ്റ്റുകൾ, സംയുക്ത പരിശോധനകൾ, പരിശോധനാ റിപ്പോർട്ടുകളുടെ ഡിജിറ്റൽ ലഭ്യത എന്നിവ ഉറപ്പാക്കുക.

- AI Chatbot, അപേക്ഷകരുടെ സംശയങ്ങൾ പരിഹരിക്കുന്ന സഹായ സംവിധാനങ്ങൾ, പരാതികളുടെ ഓൺലൈൻ രജിസ്ട്രേഷനും തുടർനിരീക്ഷണവും, 'Intent to Invest' സംവിധാനം എന്നിവ ഒരുക്കുക.
- ജില്ലാ തലത്തിലുള്ള സേവനങ്ങളും അനുമതികളും ഡിജിറ്റൽ സംവിധാനങ്ങളിലൂടെ സമയബന്ധിതമായി ലഭ്യമാക്കുകയും, പരിശോധനകളുടെ ഏകോപനം മെച്ചപ്പെടുത്തുകയും, നിക്ഷേപ സഹായ സംവിധാനങ്ങൾ ശക്തിപ്പെടുത്തുകയും, ടയർ-2, ടയർ-3 നഗരങ്ങളിലെ സ്റ്റാർട്ടപ്പുകളുടെ വളർച്ചയും വ്യവസായ പാർക്കുകളുടെ വികസനവും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
- തിരഞ്ഞെടുത്ത രജിസ്ട്രേഷനുകൾ, ലൈസൻസുകൾ, NOC എന്നിവയുടെ കാലാവധി സ്ഥിരമാക്കുകയോ ദീർഘിപ്പിക്കുകയോ ചെയ്യുക, കൂടാതെ പുതുക്കൽ ആവശ്യമായി വരുമ്പോൾ മുൻപ് സമർപ്പിച്ച വിവരങ്ങളും രേഖകളും വീണ്ടും ഉപയോഗിക്കാൻ സൗകര്യമൊരുക്കുക.

  ഇതിനുപുറമേ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് നടപടിക്രമങ്ങൾ ലളിതമാക്കുന്നതിനും അനുമതികൾ ലഭ്യമാക്കുന്നതിലെ കാലതാമസം കുറയ്ക്കുന്നതിനും സേവനവിതരണത്തിന്റെ കാര്യക്ഷമതയും സുതാര്യതയും മെച്ചപ്പെടുത്തുന്നതിനുമായി നിരവധി വകുപ്പുതല പരിഷ്കാരങ്ങളും BRAP 2026-ന്റെ ഭാഗമായി നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) കഴിഞ്ഞ സർക്കാർ നടപ്പിലാക്കിയ ഇയർ ഓഫ് എന്റർപ്രൈസസ് പദ്ധതി തുടരാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

<u>മറുപടി:</u> ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ വിവിധ പദ്ധതികളും സംരംഭകർക്ക് ആവശ്യമായ ഫെസിലിറ്റേഷൻ നൽകുന്നതിനുള്ള വിവിധ സംവിധാനങ്ങളും തുടർന്ന് പോകുന്നുണ്ട്.

(സി) അതിനനുബന്ധമായി സംരംഭകരെ സഹായിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>മറുപടി:</u> സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി നിരവധി അനുബന്ധ സഹായ പദ്ധതികളും ആനുകൂല്യങ്ങളും സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനും നിലവിലുള്ളവയുടെ വളർച്ചയ്ക്കും ആവശ്യമായ സഹായങ്ങൾ ഉറപ്പാക്കാനാണ് ഈ പദ്ധതികൾ രൂപീകരിച്ചിരിക്കുന്നത്.

സംരംഭകർ ബാങ്കുകളിൽ നിന്നും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുക്കുന്ന വായ്പകളുടെ പലിശ നിരക്കിൽ ഇളവ് നൽകുന്ന ഒരു കുടുംബം ഒരു സംരംഭം പദ്ധതി നടപ്പിലാക്കുന്നുണ്ട്. 10 ലക്ഷം രൂപ വരെയുള്ള വായ്പകളിന്മേൽ 5 വർഷത്തേയ്ക്ക് 6 ശതമാനം പലിശ സബ്സിഡി നൽകുന്ന പദ്ധതിയാണിത്.

സംസ്ഥാനത്ത് മികച്ച രീതിയിൽ പ്രവർത്തിക്കുന്ന 1000 സൂക്ഷ്മ-ചെറുകിട-ഇടത്തരം (MSME) സംരംഭങ്ങളെ തെരഞ്ഞെടുത്ത്, അവയുടെ ശരാശരി വാർഷിക വിറ്റുവരവ് 100 കോടി രൂപയുള്ള സംരംഭങ്ങളായി വളർത്താനുള്ള മിഷൻ 1000 എന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ഈ പദ്ധതിയിലൂടെ സാങ്കേതിക വിദ്യ മെച്ചപ്പെടുത്താനും പ്രവർത്തന മൂലധനത്തിന്മേലുമുള്ള പ്രത്യേക ധനസഹായവും നൽകുന്നുണ്ട്.

ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് സംരംഭകരുടെ സംശയ ദൂരീകരണത്തിനായി വിദഗ്ധരുടെ പാനൽ സജ്ജമാക്കി, എം.എസ്.എം.ഇ ക്ലിനിക്ക് പദ്ധതി നടപ്പിലാക്കുന്നുണ്ട്.

വ്യവസായ വകുപ്പിനു കീഴിലുള്ള 59 താലൂക്ക് വ്യവസായ കേന്ദ്രങ്ങളെയും എന്റർ പ്രൈസ് ഫെസിലിറ്റേഷൻ സെന്ററുകളായി മാറ്റുകയും, അവിടെയെല്ലാം താലൂക്ക് റിസോഴ്സ് പേഴ്സൺമാരുടെ സഹായം നൽകി വരുന്നുണ്ട്. കൂടാതെ കേന്ദ്ര സർക്കാരിന്റെ റെയ്സിംഗ് ആൻഡ് ആക്സിലറേറ്റിംഗ് എം.എസ്.എം.ഇ പേർഫോർമൻസ് (RAMP) എന്ന പദ്ധതിയുടെ ഭാഗമായി 500 Business Development Service Provider-മാരെ കരാർ വ്യവസ്ഥയിൽ നിയമിച്ചു പ്രവർത്തനം നടന്നു വരുന്നു. ജില്ലാ-താലൂക്ക്-തദ്ദേശ സ്ഥാപന തലങ്ങളിലുള്ള ഈ സംവിധാനങ്ങൾ കൂടുതൽ നിക്ഷേപകരെ കണ്ടെത്തുന്നതിനു സഹായകരമാകുന്നുണ്ട്.

സംസ്ഥാനത്തെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് (എം.എസ്.എം.ഇ) മിനിമം ഇൻഷുറൻസ് പരിരക്ഷ നൽകാൻ വേണ്ടി MSME ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. MSME-കൾക്ക് അവരുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്ന, മുൻകൂട്ടി കാണാൻ കഴിയാത്ത അപകടസാധ്യതകളിൽ നിന്ന് സാമ്പത്തിക പരിരക്ഷ നൽകുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു. MSME നൽകുന്ന വാർഷിക ഇൻഷുറൻസ് പ്രീമിയത്തിന്റെ 50 ശതമാനം വരെ (പരമാവധി 5000 രൂപ) റീഇംബേഴ്സ്മെന്റായി നൽകുന്ന ഈ പദ്ധതി, ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖേനയാണ് നടപ്പിലാക്കുന്നത്.

സെക്ഷൻ ഓഫീസർ